(എ) ഓൺ ലൈൻ ലോട്ടറി നിരോധിച്ച കാലയളവിൽ സംസ്ഥാന ലോട്ടറി ടിക്കറ്റ് വില്പനയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാലയളവിൽ എത്ര കോടി രൂപയുടെ അധിക വരുമാനം ഉണ്ടായി എന്നറിയിക്കാമോ;

(സി) ഓൺ ലൈൻ ലോട്ടറി പൂർണ്ണമായി നിരോധിക്കുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) 2003 ഡിസംബർ മാസത്തിൽ തൊട്ടുമുമ്പുള്ള മാസങ്ങളെ അപേക്ഷിച്ച് ടിക്കറ്റ് വില്പനയിൽ നേരിയ പുരോഗതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2002 ഡിസംബർ മാസത്തേക്കാൾ 90,00,000 രൂപയുടെ കുറവാണ് 2003 ഡിസംബറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(സി) ഇല്ല.

പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ നടപടി

*30 [240] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. ബാബു:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവന്നു വിൽക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ;

(ബി) എങ്കിൽ അതെന്താണെന്ന് വിശദീകരിക്കുമോ;

(സി) ഓരോ ദിവസവും ചെക്ക്പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന പാൽ ചെക്ക്പോസ്റ്റിൽ വച്ച് ഗുണമേന്മ പരിശോധിക്കുവാൻ ഉള്ള ഏർപ്പാടുണ്ടാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) ഉണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടറികളിലും, ക്ഷീരവികസന വകുപ്പിന്റെ ജില്ലാതല ഗുണനിയന്ത്രണ ലബോറട്ടറികളിലും, കൂടാതെ ക്ഷീരവികസന വകുപ്പിന്റെ തന്നെ ആലത്തൂരിൽ പ്രവർത്തിക്കുന്ന അത്യാധുനിക ലബോറട്ടറികളിലും പാലിന്റെ ഗുണമേന്മ പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ട്.

(സി) ഏർപ്പാടുണ്ടാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly